## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 438

02.12.2014- ലെ മറുപടിക്ക്

### സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.സത്യൻ** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടത്തുമ്പോൾ സംവരണ തത്വം പാലിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (എ) ഉണ്ട്. ബന്ധപ്പെട്ട സർക്കുലറിന്റെ പകർപ്പുകൾ അനുബന്ധം I,II,III, IV ആയി ചേർത്തിട്ടുണ്ട്. |
| ബി) സഹകരണ സ്ഥാപനങ്ങളിൽ ലോവർ കാറ്റഗറിയിൽ നിയമനം നൽകുകയും പിന്നീട് പ്രമോട്ട് ചെയ്ത് നിയമനം നടത്തുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) സംസ്ഥാന അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡ്, സഹകരണ ബാങ്ക് എന്നിവയിലെ നിയമനങ്ങളിൽ യാതൊരു സംവരണ തത്വവും പാലിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) സംസ്ഥാന അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിൽ താത്ക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുകയും പിന്നീട് പ്രത്യേക ഉത്തരവ് പ്രകാരം സ്ഥിരീകരണം നൽകുകയും ചെയ്തിട്ടുള്ളവരുടെ നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിലെയും കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിലെയും നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെട്ടിട്ടുണ്ട്. |
| ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര നിയമനങ്ങൾ നടത്തി; സംവരണപ്രകാരം എത്ര പേർക്ക് നിയമനം നൽകി ; വ്യക്തമാക്കാമോ? | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ ആകെ 6591 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. മേൽ പ്രകാരം നടത്തപ്പെട്ട നിയമനങ്ങളിൽ പട്ടികജാതി- പട്ടികവർഗ്ഗ സംവരണ പ്രകാരം 677 പേരെയും അംഗപരിമിത സംവരണ പ്രകാരം 139 പേരെയും നിയമിച്ചിട്ടുണ്ട്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

**സെക്ഷൻ ഓഫീസർ**